# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 21-04-2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ഒഡീഷയിൽ. റൂർക്കിലയിൽ പ്ലാനറ്റോറിയം ആൻറ് സയൻസ് സെൻറർ ഉദ്ഘാടനം ചെയ്യും.

   **President Droupadi Murmu will visit Odisha today. During the day-long visit, the President will inaugurate a Planetarium and Science Centre, in Rourkela.**

2. 18-ാമത് സിവിൽ സർവീസസ് ദിനത്തോടനുബന്ധിച്ച് ന്യൂഡൽഹിയിൽ നടക്കുന്ന പരിപാടി ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ ഇന്ന് അഭിസംബോധന ചെയ്യും.

   **Vice President C P Radhakrishnan will address Civil Servants on the 18th Civil Services Day in New Delhi today.**

3. ഇന്ത്യ- ദക്ഷിണ കൊറിയ സാമ്പത്തിക സഹകരണം വർധിപ്പിക്കുന്നതിന് പ്രധാനമന്ത്രി നരേന്ദ്ര മോദിയും ദക്ഷിണ കൊറിയൻ പ്രസിഡന്റുമായി നടത്തിയ കൂടിക്കാഴ്ചയിൽ ധാരണ.

   **India and South Korea have emphasised enhancing economic cooperation during the talks between Prime Minister Narendra Modi and the visiting President of South Korea Lee Jae Myung.**

4. തമിഴ്നാട്ടിലും, പശ്ചിമബംഗാളിൽ ഒന്നാം ഘട്ടത്തിലേക്കുമുളള നിയമസഭ തിരഞ്ഞെടുപ്പിൻറെ പരസ്യ പ്രചാരണം ഇന്ന് അവസാനിക്കും.

   **Public Campaigning for the assembly elections in Tamil Nadu and the first phase of election in West Bengal will end today.**

5. ലെബനനും ഇസ്രായേലും തമ്മിലുള്ള രണ്ടാം ഘട്ട സമാധന ചർച്ച വ്യാഴാഴ്ച അമേരിക്കയിൽ നടക്കും.

   **The US Department of State has confirmed that America will host the second round of talks between Lebanon and Israel on Thursday.**

6. കേരളത്തിൽ വരും ദിവസങ്ങളിൽ കടുത്ത ചൂട് തുടരും. തെക്കൻ ജില്ലകളിൽ വെള്ളിയാഴ്ച വരെ നേരിയ മഴയ്ക്കും സാധ്യത.

**The heat wave in Kerala will continue in the coming days. There is a possibility of light rain in the southern districts till Friday.**

********************************

## PREZ-ODISHA

ഒരു ദിവസത്തെ സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ഒഡീഷയിൽ എത്തും. റൂർക്കിലയിലെ പ്ലാനറ്റോറിയം ആൻറ് സയൻസ് സെൻററും നിർമൽ മുണ്ട പരിവേഷ് പാതയും രാഷ്ട്രപതി ഉദ്ഘാടനം ചെയ്യും. ട്രൈബൽ മ്യൂസിയം ആൻറ് ഇൻറഗ്രേറ്റഡ് കമാൻറ് ആൻറ് കൺട്രോൾ സെൻററിൻറെ ഉദ്ഘാടനവും രാഷ്ട്രപതി നിർവഹിക്കും.

********************************

## VP-CIVIL SERVICES DAY

ഇന്ന് 18-ാമത് സിവിൽ സർവീസസ് ദിനം. ദിനാചരണത്തോട് അനുബന്ധിച്ച് ന്യൂഡൽഹിയിൽ നടക്കുന്ന പരിപാടി ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ അഭിസംബോധന ചെയ്യും. **വികസിത ഭാരതം പൗരകേന്ദ്രികൃത ഭരണവും എല്ലാവർക്കും വികസനവും** എന്നതാണ് ഈ വർഷത്തെ പ്രമേയം. കേന്ദ്രമന്ത്രിമാരായ ജെ.പി നഡ്ഡ, ജിതേന്ദ്ര സിംഗ്, ജിതൻ റാം മാഞ്ചി, ശിവരാജ് സിംഗ് ചൗഹാൻ എന്നിവരും ചടങ്ങിൽ പങ്കെടുക്കും.

********************************

## MEA-KOREA (INTRO)

സാമ്പത്തിക സഹകരണം വർധിപ്പിക്കുന്നതിന് ഇന്ത്യയും ദക്ഷിണ കൊറിയയും ധാരണയായി. പ്രധാനമന്ത്രി നരേന്ദ്ര മോദിയും ദക്ഷിണ കൊറിയൻ പ്രസിഡൻ്റ് ലീ ജെ മ്യൂങ്ങുമായി ന്യൂഡൽഹിയിൽ നടത്തിയ കൂടിക്കാഴ്ചയിലാണ് ഇത് സംബന്ധിച്ച തീരുമാനമായത്. ഇന്ത്യ - ദക്ഷിണ കൊറിയ തന്ത്രപ്രധാന സഹകരണം ഇരുനേതാക്കളും അവലോകനം ചെയ്തതായി വിദേശകാര്യ മന്ത്രാലയ കിഴക്കൻ മേഖല സെക്രട്ടറി പി. കുമാരൻ പറഞ്ഞു. സാങ്കേതിക,

കായിക, സാംസ്കാരിക, സർഗ്ഗാത്മക മേഖലകളിലെ സഹകരണം സംബന്ധിച്ച നാല് ധാരണാ പത്രങ്ങളിൽ ഇരു രാജ്യങ്ങളും ഒപ്പുവച്ചു. പരസ്പര താത്പര്യമുള്ള നിരവധി പ്രാദേശിക - ആഗോള വിഷയങ്ങളുടെ പുരോഗതി അവലോകനം ചെയ്യതായും അദ്ദേഹം വാർത്താസമ്മേളനം അറിയിച്ചു.
(വോയ്സ്)

********************************

## RAJNATH-GERMANY VISIT

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങിന്റെ മൂന്ന് ദിവസത്തെ ജർമ്മൻ സന്ദർശനം ഇന്ന് ആരംഭിക്കും. ഇരുരാജ്യങ്ങളും തമ്മിലുള്ള പ്രതിരോധ സഹകരണം ശക്തിപ്പെടുത്തുന്നതിന് സന്ദർശനം സഹായിക്കും. ഈ മേഖലയിൽ നിലവിലെ പുരോഗതി വിലയിരുന്നതുന്നതിനുള്ള അവസരം കൂടിയാണിത്. ജർമ്മൻ പ്രതിരോധമന്ത്രിയുമായും ശ്രീ. രാജ്നാഥ് സിങ്ങ് ഉഭയകക്ഷി ചർച്ച നടത്തും.

********************************

## RAILWAY - SUMMER SPECIAL TRAIN TRIPS

വേനൽക്കാലം പ്രമാണിച്ച് രാജ്യവ്യാപകമായി പ്രത്യേക ട്രെയിൻ സർവ്വീസ് അനുവദിച്ച് ഇന്ത്യൻ റെയിൽവേ. ഏപ്രിൽ 15 മുതൽ ജൂലൈ 15 വരെയുള്ള മൂന്ന് മാസ കാലയളവിൽ, 908 വേനൽക്കാല പ്രത്യേക ട്രെയിനുകൾ അനുവദിച്ചതായും 18,262 വേനൽക്കാല സർവീസുകൾ ഉറപ്പാക്കിയതായും റെയിൽവേ അറിയിച്ചു.

********************************

## MAN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കീ ബാത്ത് ഈ മാസം 26-ന് രാവിലെ 11- മണിക്ക്. പരിപാടിയുടെ 133-ാാം പതിപ്പാണിത്. ആകാശവാണിയിലും ദൂരദർശനിലും പരിപാടി തത്സമയം ലഭ്യമാകും. മൻ കി ബാത്തിലേക്ക് ഈ മാസം 24 വരെ അഭിപ്രായങ്ങൾ പങ്കുവയ്ക്കാം.

********************************

## ELECTION-SC

തിരഞ്ഞെടുപ്പിന് മുന്നോടിയായി രാഷ്ട്രീയ പാർട്ടികൾ സൗജന്യങ്ങൾ പ്രഖ്യാപിക്കുന്നത് നിരോധിക്കണമെന്ന് ആവശ്യപ്പെട്ടുള്ള

പൊതുതാൽപര്യ ഹർജിയിൽ നോട്ടീസയച്ച് സുപ്രീം കോടതി. കേന്ദ്രസർക്കാരിനും, തിരഞ്ഞെടുപ്പ് കമ്മീഷനും, കംട്രോളർ ആൻഡ് ഓഡിറ്റർ ജനറലിനുമാണ് കോടതി നോട്ടീസ് അയച്ചത്. ചീഫ് ജസ്റ്റിസ് സൂര്യകാന്ത്, ജസ്റ്റിസ് ജോയ് മല്യ ബാഗ്ചി എന്നിവരടങ്ങിയ ബെഞ്ചിൻറേതാണ് നടപടി.

********************************

## ELECTION-TN-WB (INTRO)

തമിഴ്നാട്ടിലും, പശ്ചിമബംഗാളിലും തിരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതം. മുൻനിര നേതാക്കളെ അണിനിരത്തി ശക്തമായ പ്രചാരണമാണ് മണ്ഡലങ്ങളിൽ നടക്കുന്നത്. ഈ മാസം 23 ന് വോട്ടെടുപ്പ് നടക്കുന്ന തമിഴ്നാട്ടിലും, പശ്ചിമബംഗാളിൽ ഒന്നാം ഘട്ടത്തിലേക്കുമുളള പരസ്യ പ്രചാരണം ഇന്ന് അവസാനിക്കും.

വിശദാംശങ്ങളിലേക്ക്.....

(വോയ്സ്)

ബിജെപി നേതാവും കേന്ദ്ര ആഭ്യന്തരമന്ത്രിയുമായ അമിത് ഷാ ഇന്ന് സിലിഗുരി, വെസ്റ്റ് ബർധമാൻ, വെസ്റ്റ് മേദിനിപൂർ, ഈസ്റ്റ് മേദിനിപൂർ ജില്ലകളിലെ പൊതുറാലികളെ അഭിസംബോധന ചെയ്യും. തൃണമൂൽ കോൺഗ്രസ് നേതാവ് മമത ബാനർജി നോർത്ത് 24 പർഗാനാസ് ജില്ലയിലെ ഹാൽദിയ, ബരാക്പൂർ, ജഗത്ദാൽ, കൊൽക്കത്തയിലെ ജോരാസങ്കോ എന്നിവിടങ്ങളിൽ പൊതുറാലികളിൽ പങ്കെടുക്കും. കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജുൻ ഖർഗേയും വിവിധ മണ്ഡലങ്ങളിൽ ഇന്നലെ പ്രചാരണ പരിപാടികളിൽ പങ്കെടുത്തു. പശ്ചിമബംഗാളിൽ രണ്ടാം ഘട്ട തിരഞ്ഞെടുപ്പ് ഈ മാസം 29 നാണ്. കേരളം, അസം, തമിഴ്നാട് , പശ്ചിമബംഗാൾ, പുതുച്ചേരി എന്നിവിടങ്ങളിൽ മെയ് നാലിനാണ് വോട്ടെണ്ണൽ.

**ന്യൂസ് ഡെസ്ക് ആകാശവാണി...............**

********************************

## CEC-ELECTION

പശ്ചിമ ബംഗാളിൽ സുതാര്യമായ വോട്ടെടുപ്പ് നടത്തുന്നതിനുള്ള എല്ലാ ശ്രമങ്ങളും നടത്തുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ. തിരഞ്ഞെടുപ്പ് നടത്തിപ്പ് ചുമതലയുള്ള

ഉദ്യോഗസ്ഥരുമായി സംവദിക്കുകയായിരുന്നു അദ്ദേഹം. തിഞ്ഞെടുപ്പ് അക്രമരഹിതമായിരിക്കുമെന്നും അദ്ദേഹം അറിയിച്ചു.

*********************************

## KOZHIKODE - RETURNING OFFICER

കോഴിക്കോട് പേരാമ്പ്ര മണ്ഡലത്തിലെ JDT സ്കൂളിലെ സ്ട്രോങ്ങ് റൂം തുറന്നെന്ന വാർത്ത തെറ്റാണെന്ന് പേരാമ്പ്ര റിട്ടേണിംഗ് ഓഫീസർ. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എൻകോർ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിനായി, പോളിങ് രേഖകൾ സൂക്ഷിച്ച സീൽ ചെയ്യാത്ത മുറിയാണ് സ്ഥാനാർത്ഥികളുടെ ഏജന്റുമാരുടെ സാന്നിധ്യത്തിൽ തുറന്നതെന്നും റിട്ടേണിങ് ഓഫിസർ വ്യക്തമാക്കി. സംഭവത്തിൽ കോഴിക്കോട് UDF സ്ഥാനാർഥികൾ തെരഞ്ഞെടുപ്പ് കമ്മീഷന് പരാതി നൽകി.

*********************************

## LEBANON-ISRAEL TALKS

ലെബനനും ഇസ്രായേലും തമ്മിലുള്ള രണ്ടാം ഘട്ട ചർച്ചകൾ വ്യാഴാഴ്ച അമേരിക്കയിൽ നടക്കുമെന്ന് യു.എസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് സ്ഥിരീകരിച്ചു. പ്രാദേശിക സംഘർഷങ്ങൾ തുടരുന്ന സാഹചര്യത്തിൽ, ഇരു രാജ്യങ്ങളും നേരിട്ടുള്ള ചർച്ചകൾ തുടരുകയാണ്. കഴിഞ്ഞ ആഴ്ച ഹിസ്ബുള്ളയും ഇസ്രായേലും തമ്മിൽ പ്രാബല്യത്തിൽ വന്ന വെടിനിർത്തൽ കരാറിനു ശേഷമുള്ള ആദ്യ ചർച്ചകളായിരിക്കും ഇത്.

*********************************

## IRAN-US TALKS

അമേരിക്ക-ഇറാൻ രണ്ടാം ഘട്ട സമാധാന ചർച്ചകളുമായി ബന്ധപ്പെട്ട് അനിശ്ചിതത്വം തുടരുന്നു. ചർച്ചയിൽ പങ്കെടുക്കണോ എന്ന കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ലെന്ന് ഇറാൻ വ്യക്തമാക്കി. രണ്ടാഴ്ച വെടിനിർത്തൽ ബുധനാഴ്ച അവസാനിക്കാനി രിക്കേയാണ് സമാധാന ചർച്ചകൾക്കുള്ള ശ്രമങ്ങൾ നടക്കുന്നത്. നയതന്ത്ര മാർഗ്ഗങ്ങളെ യുഎസ് ഗൗരവത്തോടെ കാണുന്നില്ലെന്ന് വെടിനിർത്തൽ ലംഘനങ്ങൾ ചൂണ്ടിക്കാട്ടി ഇറാൻ വിദേശകാര്യ വക്താവ് അറിയിച്ചു. ഹോർമുസ് കടലിടുക്കിൽ ഇറാൻ കപ്പലിന് നേരെ യുഎസ് ആക്രമണം നടത്തിയതായും ഇറാൻ വ്യക്തമാക്കി. അമേരിക്കൻ നാവിക ഉപരോധത്തെ വെടിനിർത്തൽ വ്യവസ്ഥകളുടെ

ലംഘനമായി വിശേഷിപ്പിച്ച ഇറാൻ ഹോർമുസ് കടലിടുക്ക് വീണ്ടും അടച്ചു.

********************************

## HEATWAVE

കേരളത്തിൽ വരും ദിവസങ്ങളിലും കടുത്ത ചൂട് തുടരും. തെക്കൻ ജില്ലകളിലടക്കം വെള്ളിയാഴ്ച വരെ നേരിയ മഴയ്ക്കും സാധ്യതയുണ്ട്. എല്ലാ ജില്ലകളിലും സാധാരണയേക്കാൾ മൂന്നു മുതൽ നാലു ഡിഗ്രി വരെ അന്തരീക്ഷ താപനില ഉയരുമെന്നാണ് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പ്. പാലക്കാട് ജില്ലയിൽ 40 ഡിഗ്രി വരെയും കൊല്ലം ജില്ലയിൽ 39 ഡിഗ്രി വരെയും താപനില ഉയരും. മലയോര ജില്ലകളിൽ മാത്രമായിരിക്കും താപനില താരതമ്യേന കുറഞ്ഞു നിൽക്കുക. അതേ സമയം വന മേഖലയോട് ചേർന്നുള്ളവർ കാട്ടുതീ മുൻകരുതൽ സ്വീകരിക്കണമെന്നും നിർദ്ദേശമുണ്ട്.

********************************

## APPLE CEO TO STEP DOWN

പ്രമുഖ സോഫ്റ്റ് വെയർ നിർമാണ കമ്പനിയായ ആപ്പിളിൻറെ സിഇഒ, ടിം കുക്ക് 15 വർഷത്തെ സേവനത്തിന് ശേഷം ഈ വർഷം സെപ്റ്റംബർ ഒന്നിന് പടിയിറങ്ങും. 2011 മുതൽ ആപ്പിൾ കമ്പനിയെ മുന്നിൽ നിന്ന് നയിക്കുന്ന ടിം, എക്സിക്യൂട്ടീവ് ചെയർമാൻ സ്ഥാനത്ത് തുടരും. ഹാർഡ് വെയർ എഞ്ചിനീയറിങ് വിഭാഗം മേധാവി ജോൺ ടെർനസ് ആയിരിക്കും ആപ്പിളിന്റെ പുതിയ സി ഇ ഒ. 2001 ലാണ് ടെർനസ് ആപ്പിൾ കമ്പനിയിൽ ജോലിക്ക് പ്രവേശിക്കുന്നത്.

********************************

## ISSF- SHOOTING

ഈജിപ്റ്റിൽ നടക്കുന്ന ISSF ഷൂട്ടിംഗ് ജൂനിയർ ലോകകപ്പിൽ ഇന്ത്യൻ താരങ്ങൾ ഇന്നിറങ്ങും. റൈഫിൾ, പിസ്റ്റൾ,ഷോട്ട് ഗൺ ഇനങ്ങളിൽ 71 താരങ്ങളാണ് ഇന്ത്യയ്ക്കായി മത്സരിക്കുന്നത്. ഇന്നത്തെ 10 മീറ്റർ എയർ റൈഫിൾ വനിതാ വിഭാഗത്തിലും 10 മീറ്റർ എയർ പിസ്റ്റൾ പുരുഷ വിഭാഗത്തിലും ഇന്ത്യയ്ക്ക് മെഡൽ പ്രതീക്ഷയുണ്ട്. 25 രാജ്യങ്ങളിൽ നിന്നുള്ള 284 താരങ്ങൾ ലോകകപ്പിൽ മത്സരിക്കുന്നുണ്ട്.

********************************

## IPL-

ഐപിഎൽ ക്രിക്കറ്റിൽ ഇന്നലെ നടന്ന മത്സരത്തിൽ മുംബൈ ഇന്ത്യൻസ് ഗുജറാത്ത് ടൈറ്റൻസിനെ 99 റൺസിന് പരാജയപ്പെടുത്തി. ആദ്യം ബാറ്റ് ചെയ്ത മുംബൈ 20 ഓവറിൽ അഞ്ച് വിക്കറ്റ് നഷ്ടത്തിൽ 199 റൺസ് നേടി. തിലക് വർമ്മ 45 പന്തിൽ നേടിയ കന്നി സെഞ്ച്വറിയുടെ മികവിലാണ് മുംബൈയുടെ ജയം. മറുപടി ബാറ്റിംഗിനിറങ്ങിയ ഗുജറാത്ത് ടൈറ്റൻസ് 15.5 ഓവറിൽ 100 റൺസിന് ഓൾ ഔട്ടായി. തിലക് വർമ്മയാണ് കളിയിലെ താരം. ഇന്ന് ഹൈദരാബാദിൽ s നടക്കുന്ന മത്സരത്തിൽ സൺ റൈസേഴ്സ് ഹൈദരാബാദ് ഡൽഹി ക്യാപിറ്റൽസിനെ നേരിടും. മത്സരം വൈകുന്നേരം 7:30 ന് ആരംഭിക്കും.

********************************

## ISL

ഐ എസ് എൽ ഫുട്ബോളിൽ ഇൻറർകാശിക്കെതിരെ പഞ്ചാബ് എഫ് സി ക്ക് ഏകപക്ഷീയമായ മൂന്ന് ഗോൾ ജയം.

********************************

## JAPAN-QUAKE

ജപ്പാനിൽ ഇന്നലെ 7.7 തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പം അനുഭവപ്പെട്ടതിനാൽ 10 അടി ഉയരത്തിൽ തിരമാലകൾ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്ന തീരപ്രദേശങ്ങളിൽ നിന്ന് താമസക്കാർ മാറണമെന്ന് മുന്നറിയിപ്പ് നൽകി. ജപ്പാനിലെ സാൻറികുവിന്റെ (Sanriku ) വടക്കുകിഴക്കൻ തീരത്ത് വൈകുന്നേരം 4.53 ന് നാണ് ഭൂചലനം ഉണ്ടായത്. രാജ്യത്തിന്റെ തലസ്ഥാനമായ ടോക്കിയോയിൽ നിന്ന് 330 മൈൽ അകലെയായി, പസഫിക് സമുദ്രത്തിൽ ഏകദേശം 20 കിലോമീറ്റർ താഴ്ചയിലാണ് പ്രഭവകേന്ദ്രം. ഭൂചലനത്തെ തുടർന്ന് ജാപ്പനീസ് കാലാവസ്ഥാ ഏജൻസി സുനാമി മുന്നറിയിപ്പ് പുറപ്പെടുവിച്ചു. ഇതുവരെ ആളപായമോ വലിയ നാശനഷ്ടങ്ങളോ റിപ്പോർട്ട് ചെയ്തിട്ടില്ല.

********************************************************************